സൂറഃ-8

# അൽ അൻഫാൽ

كَدَأْبِ آلِ فِرْعَوْنَ ۙ وَالَّذِينَ مِن قَبْلِهِمْ ۚ كَذَّبُوا بِآيَاتِ رَبِّهِمْ فَأَهْلَكْنَاهُم
بِذُنُوبِهِمْ وَأَغْرَقْنَا آلَ فِرْعَوْنَ ۚ وَكُلٌّ كَانُوا ظَالِمِينَ ﴿٥٤﴾

إِنَّ شَرَّ الدَّوَابِّ عِندَ اللَّهِ الَّذِينَ كَفَرُوا فَهُمْ لَا يُؤْمِنُونَ ﴿٥٥﴾

الَّذِينَ عَاهَدتَّ مِنْهُمْ ثُمَّ يَنقُضُونَ عَهْدَهُمْ فِي كُلِّ مَرَّةٍ وَهُمْ لَا يَتَّقُونَ ﴿٥٦﴾

فَإِمَّا تَثْقَفَنَّهُمْ فِي الْحَرْبِ فَشَرِّدْ بِهِم مَّنْ خَلْفَهُمْ لَعَلَّهُمْ يَذَّكَّرُونَ ﴿٥٧﴾

**54.** ഫറവോനികൾക്കും അവർക്കുമുമ്പുള്ളവർക്കും നേരിട്ട ദുരന്തങ്ങളും ഇതേ തത്ത്വമനുസരിച്ചായിരുന്നു. സ്വന്തം വിധാതാവിന്റെ ദൃഷ്ടാന്തങ്ങളെ അവർ തള്ളിപ്പറഞ്ഞു. അപ്പോൾ അവരുടെ പാപങ്ങളെ പ്രതി നാം അവരെ നശിപ്പിച്ചു. ഫറവോനികളെ മുക്കിയൊടുക്കി. എല്ലാവരും തികഞ്ഞ അധർമികളായിക്കഴിഞ്ഞിരുന്നു.
**55.** സത്യധർമങ്ങളെ തള്ളിക്കളഞ്ഞിട്ട് പിന്നീടൊരിക്കലും സ്വീകരിക്കാൻ കൂട്ടാക്കാത്തവരാകുന്നു അല്ലാഹുവിങ്കൽ ഏറ്റം നികൃഷ്ടമായ ജന്തുക്കൾ.
**56.** അക്കൂട്ടരിൽ നിന്നോട് കരാറിലേർപ്പെടുകയും എന്നിട്ട് ഏതവസരത്തിലും യാതൊരു ധർമദീക്ഷയുമില്ലാതെ ലംഘിക്കുകയും ചെയ്യുന്നവരുണ്ടല്ലോ;
**57.** അവരെ യുദ്ധത്തിൽ കണ്ടുമുട്ടിയാൽ അവർക്കു പിറകിലുള്ളവരെക്കൂടി വിരട്ടിയോടിക്കുംവണ്ണം ശിക്ഷിക്കേണം; അങ്ങനെ അവർ പാഠം പഠിക്കാൻ.

كَدَأْبِ آلِ فِرْعَوْنَ ۙ وَالَّذِينَ مِن قَبْلِهِمْ ۚ= ഫറവോനികളുടെയും അവർക്കു മുമ്പുള്ളവരുടെയും സമ്പ്രദായം പോലെ

(ഫറവോനികൾക്കും അവർക്കു മുമ്പുള്ളവർക്കും നേരിട്ട ദുരന്തങ്ങളും ഇതേ തത്ത്വമനുസരിച്ചായിരുന്നു)

كَذَّبُوا= അവർ തള്ളിക്കളഞ്ഞു بِآيَاتِ رَبِّهِمْ= അവരുടെ നാഥന്റെ ദൃഷ്ടാന്തങ്ങൾ فَأَهْلَكْنَاهُم= അപ്പോൾ നാം അവരെ നശിപ്പിച്ചു

| |
|---|
| ഫറവോനികളെ =ءَالَ فِرْعَوْنَ നാം മുക്കിയൊടുക്കി =وَأَغْرَقْنَآ അവരുടെ പാപങ്ങളെ പ്രതി =بِذُنُوبِهِمْ |
| (തികഞ്ഞ)അധർമികൾ =ظَٰلِمِينَ ആയി(ക്കഴിഞ്ഞി)രുന്നു =كَانُوا۟ എല്ലാവരും =وَكُلٌّ |
| അല്ലാഹുവിങ്കൽ =عِندَ ٱللَّهِ ചരിക്കുന്ന ജീവികളിൽ ഏറ്റം നികൃഷ്ടമായത് (ഏറ്റം നികൃഷ്ടമായ ജന്തുക്കൾ) =إِنَّ شَرَّ ٱلدَّوَآبِّ |
| എന്നിട്ട് അവർ =فَهُمْ സത്യധർമങ്ങളെ നിഷേധിച്ചവർ(തള്ളിക്കളഞ്ഞിട്ട്) =ٱلَّذِينَ كَفَرُوا۟ |
| വിശ്വസിക്കുന്നില്ല(വിശ്വസിക്കാൻ കൂട്ടാക്കാത്തവരാകുന്നു) =لَا يُؤْمِنُونَ |
| ആ കൂട്ടരിൽനിന്ന് നിന്നോട് കരാറിലേർപ്പെട്ടവർ(ർപ്പെടുകയും) =ٱلَّذِينَ عَٰهَدتَّ مِنْهُمْ |
| അവരുടെ കരാറിനെ =عَهْدَهُمْ എന്നിട്ട് അവർ ലംഘിക്കുന്നു (ലംഘിക്കുകയും ചെയ്യുന്നവരുണ്ടല്ലോ) =ثُمَّ يَنقُضُونَ |
| അവർ =وَهُمْ ഓരോ വട്ടവും(ഏതവസരത്തിലും) =فِى كُلِّ مَرَّةٍ |
| സൂക്ഷ്മത പാലിക്കുന്നില്ല, ദൈവത്തെ ഭയപ്പെടുന്നില്ല (യാതൊരു ധർമദീക്ഷയുമില്ലാതെ) =لَا يَتَّقُونَ |
| നീ വിരട്ടിയോടിക്കുക(ക്കത്തക്കവണ്ണം ശിക്ഷിക്കേണം) =فَشَرِّدْ യുദ്ധത്തിൽ =فِى ٱلْحَرْبِ നീ അവരെ കണ്ടുമുട്ടിയാൽ =فَإِمَّا تَثْقَفَنَّهُمْ |
| അവർ ഓർക്കാൻ, പാഠം പഠിക്കാൻ =لَعَلَّهُمْ يَذَّكَّرُونَ അവർക്കു പിന്നിലുള്ളവരെ(കൂടി) =مَّنْ خَلْفَهُمْ അവരെക്കൊണ്ട് =بِهِم |

**54:** 52-ാം സൂക്തത്തിന്റെ ചെറിയ വ്യത്യാസത്തോടെയുള്ള ആവർത്തനമാണിത്. സൂറഃ *ആലുഇംറാൻ* 11-ാം സൂക്തത്തിന്റെ ചെറിയ വ്യത്യാസത്തോടുകൂടിയ ആവർത്തനമാണ് ഈ രണ്ടു സൂക്തങ്ങളും. പ്രത്യക്ഷത്തിൽ സമാനാശയമായി തോന്നാമെങ്കിലും മൂന്നിടത്തും മൂന്നുകാര്യങ്ങളാണ് ഊന്നിപ്പറയുന്നത്. ധർമനിഷേധികളുടെ ആൾബലമോ സംഘബലമോ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ അവരെ സഹായിക്കുകയില്ല എന്നതിന് ദൃഷ്ടാന്തമായിട്ടാണ് *ആലുഇംറാൻ* 11-ാം സൂക്തത്തിൽ ഫറവോനികളുടെ ചരിത്രം അനുസ്മരിക്കുന്നത്. ദുർജനങ്ങൾക്ക് സ്വയം സംസ്കരിക്കാനുള്ള ഉൽബോധനമായിക്കൊണ്ട് ആദ്യം അല്ലാഹു അവരെ ചെറിയ ചെറിയ ശിക്ഷകൊണ്ട് പരീക്ഷിക്കുന്നതിനുദാഹരണമായി അതേ ചരിത്രം ചൂണ്ടിക്കാണിക്കുകയാണ് ഈ സൂറഃയുടെ 52-ാം സൂക്തം. ഒരു ജനത അല്ലാഹുവിന്റെ ഉണർത്തലുകളെയൊന്നും ഗൗനിക്കാതെ ധർമധിക്കാരത്തിൽ ഉറച്ചുനിന്നാൽ ഒടുവിൽ അവർക്ക് ഈ ലോകത്ത് നിലനിൽക്കാൻ അർഹതയില്ലാതാകും. അങ്ങനെ ഉന്മൂലനം ചെയ്യേണ്ട അക്രമികളെന്ന് സ്ഥിരപ്പെട്ടുകഴിഞ്ഞാൽ എത്ര ശക്തരായാലും അല്ലാഹു അവരെ നിശ്ശേഷം നശിപ്പിക്കുക തന്നെ ചെയ്യും. അതിനുള്ള ഉദാഹരണമായിട്ടാണ് ഈ സൂക്തം ഫറവോനികളെ അനുസ്മരിക്കുന്നത്.

**55:** കഴിഞ്ഞ സൂക്തത്തിൽ, ധർമധിക്കാരംമൂലം നശിപ്പിക്കപ്പെട്ട ഫറവോനികളെ അനുസ്മരിച്ചശേഷം അത്തരമാളുകൾ ആ ദുർഗതിക്കിരയാകുന്നതിന്റെ ന്യായം വ്യക്തമാക്കുകയാണ് ഈ സൂക്തം. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ലോകത്ത് ഏറ്റം ദുഷിച്ച ജന്തുക്കളിൽ പെട്ടവരാണ് അക്കൂട്ടർ. ഈ ആശയം നേരത്തെ 22-ാം സൂക്തത്തിൽ

۞ إِنَّ شَرَّ ٱلدَّوَآبِّ عِندَ ٱللَّهِ ٱلصُّمُّ ٱلْبُكْمُ ٱلَّذِينَ لَا يَعْقِلُونَ ﴿٢٢﴾

(ബുദ്ധിയുപയോഗിച്ച് കാര്യങ്ങൾ ഗ്രഹിക്കാൻ കൂട്ടാക്കാത്ത ബധിരരും ഊമരുമായ ആളുകളാണ് അല്ലാഹുവിങ്കൽ ഏറ്റം ദുഷിച്ച ജന്തുക്കൾ) എന്ന വാക്കുകളിൽ അവതരിപ്പിച്ചിട്ടുണ്ട്. തിര്യക്കുകൾക്ക് വിശേഷണ ബുദ്ധിയില്ല. ജഡികവാസനകളാണ് അവയുടെ വഴികാട്ടി. പ്രകൃതിയുടെ മാർഗദർശനമനുസരിച്ച് അവ സ്വധർമം നിർവഹിച്ചുകൊണ്ടിരിക്കുന്നു. അവക്ക് ആവശ്യമുള്ളതെന്ത്, ദോഷകരമായതെന്ത് എന്ന് പ്രകൃതി അവയെ പഠിപ്പിക്കുന്നുണ്ട്. ഭൂമിയിൽ എത്രയോ വിഷച്ചെടികളുണ്ട്. നാൽക്കാലികൾ അവ ഒഴിവാക്കി നല്ല പുല്ലുകൾ മാത്രം തിന്നുന്നു. നിങ്ങൾ വിഷപ്പുല്ലുകൾ പുൽകൂട്ടിൽ ഇട്ടുകൊടുത്താലും അവ തിന്നുകയില്ല. തങ്ങൾക്ക് ആവശ്യമുള്ളത് എത്രയാണെന്നും അവക്കറിയാം. ആവശ്യത്തിലധികം തിന്നുകയില്ല. അതുകൊണ്ട് ഉത്തമവും അധമവുമായ വിഭവങ്ങൾ ആവശ്യത്തിലേറെ വലിച്ചുകയറ്റുന്ന മനുഷ്യരെപ്പോലെ അവ എണ്ണിയാലൊടുങ്ങാത്ത രോഗങ്ങൾക്കടിമകളാകുന്നില്ല.

മനുഷ്യനുമുണ്ട് ജന്മവാസനകൾ. അവന്റെ നൈസർഗിക ജ്ഞാനം തിര്യക്കുകളുടേതിനെ അപേക്ഷിച്ച് ദുർബലമാണ്. മൃഗങ്ങൾ പ്രകൃത്യാ അറിയുന്ന പല കാര്യങ്ങളും മനുഷ്യൻ പഠിച്ചറിയണം. അതിനാണ് മൃഗങ്ങൾക്കില്ലാത്ത വിശേഷ ബുദ്ധി എന്ന മഹാ ശക്തി ദൈവം മനുഷ്യനു നൽകിയിട്ടുള്ളത്. ജന്തുക്കളുടെ നൈസർഗികമായ അറിവ് സ്ഥിരമാണ്. മനുഷ്യന്റെ ബുദ്ധിപരമായ അറിവ് വികസ്വരമാണ്. ജന്തുക്കൾക്ക് അവയുടെ അറിവുകൊണ്ട് സ്വന്തം അവസ്ഥയിൽ നിലനിൽക്കാൻ മാത്രമേ കഴിയൂ. മനുഷ്യന് അവന്റെ ബുദ്ധികൊണ്ട് സ്വന്തം അവസ്ഥ മെച്ചപ്പെടുത്താനും ഔന്നത്യങ്ങളിലേക്ക് വളരാനും കഴിയും. ഇതേ ബുദ്ധിയെ തെറ്റായി ഉപയോഗിക്കുമ്പോൾ അവൻ സ്വയം അധഃപതിക്കുന്നു. ചിലപ്പോൾ മൃഗങ്ങളെക്കാൾ മോശപ്പെട്ട അവസ്ഥയിലെത്തുന്നു. മൃഗത്തിന് അതിന്റെ ഏതു വീഴ്ചക്കും 'ബുദ്ധിയില്ല' എന്നൊരു ന്യായമുണ്ട്. മനുഷ്യന് തന്റെ വീഴ്ചക്ക് ആ ന്യായമില്ലാത്തതിനാൽ അവൻ മൃഗത്തെക്കാൾ മോശക്കാരനാകുന്നു. أُو۟لَٰٓئِكَ كَٱلْأَنْعَٰمِ بَلْ هُمْ أَضَلُّ أُو۟لَٰٓئِكَ هُمُ ٱلْغَٰفِلُونَ (അവർ നാൽകാലികളെപ്പോലെയാണ്. അല്ല, അതിലേറെ വഴിതെറ്റിയവരാണ്. പ്രജ്ഞാ ശൂന്യരാണവർ-7:179)

22-ാം സൂക്തത്തിൽ 'ബുദ്ധിയുപയോഗിക്കാത്ത ഊമരും ബധിരരുമാണ് അല്ലാഹുവിങ്കൽ ഏറ്റം നികൃഷ്ടമായ ജീവികൾ' എന്നും, ഈ സൂക്തത്തിൽ 'സത്യത്തെ തള്ളിക്കളയുകയും പിന്നെ വിശ്വസിക്കാൻ കൂട്ടാക്കാതിരിക്കുകയും ചെയ്യുന്നവരാണ് ഏറ്റം നികൃഷ്ടമായ ജീവികൾ' എന്നും പറയുന്നു. *അൽബഖറ* 171-ാം സൂക്തത്തിൽ ഇങ്ങനെയും പറയുന്നുണ്ട്:

وَمَثَلُ ٱلَّذِينَ كَفَرُوا۟ كَمَثَلِ ٱلَّذِى يَنْعِقُ بِمَا لَا يَسْمَعُ إِلَّا دُعَآءً وَنِدَآءً صُمٌّۢ بُكْمٌ عُمْىٌ فَهُمْ لَا يَعْقِلُونَ ﴿١٧١﴾

(ദൈവിക മാർഗദർശനം പിന്തുടരാൻ വിസമ്മതിക്കുന്ന ഈ ജനത്തോട് പ്രബോധനം ചെയ്യുന്നത് വിളിയും തെളിയുമല്ലാതെ മറ്റൊന്നും കേൾക്കാത്ത കാലികളോട് ഇടയൻ ഒച്ചവെക്കുന്നതുപോലെയാകുന്നു. ബധിരരും മൂകരും അന്ധരുമാണവർ. അതിനാൽ യാതൊന്നും അവർ ഗ്രഹിക്കുന്നില്ല). ആത്മീയ സത്യവും ധർമവും, കേൾക്കാനും കാണാനും അത് ഏറ്റുപറയാനുമുള്ള വിസമ്മതത്തെയാണ് ഖുർആൻ ബധിരതയും മൂകതയും അന്ധതയുമായി ചിത്രീകരിക്കുന്നതെന്ന് ഇതിൽനിന്നു വ്യക്തമാകുന്നു. മനുഷ്യന് ദൈവം വിശേഷബുദ്ധി നൽകിയിരിക്കുന്നത്, ഇന്ദ്രിയ ജ്ഞാനങ്ങളിലൂടെ ജന്മവാസനകൾക്കപ്പുറമുള്ള ആധ്യാത്മിക യാഥാർഥ്യങ്ങളെ പ്രാപിക്കുന്നതിനുവേണ്ടിയാണ്. വിശേഷ ബുദ്ധി അതിനു പ്രയോജനപ്പെടുത്തുന്നില്ലെങ്കിൽ ആത്മീയമായി അവൻ അന്ധനും ബധിരനും മൂകനുമാകുന്നു. തിര്യക്കുകളുടെ കാര്യത്തിൽ ഈ അന്ധതയും ബധിരതയും മൂകതയും സ്വാഭാവികമാണ്. മനുഷ്യൻ ആ പതനം സ്വയം സ്വീകരിക്കുന്നതുകൊണ്ട് അവൻ മൃഗങ്ങളെക്കാൾ നികൃഷ്ടനായിത്തീരുന്നു.

നൈമിഷികമായ അജ്ഞതക്കും അവിവേകത്തിനും വികാരത്തിനും അടിപ്പെട്ട് മനുഷ്യൻ ചിലപ്പോൾ ഏതു യാഥാർഥ്യത്തെയും തള്ളിപ്പറഞ്ഞെന്നിരിക്കും. പിന്നെ വിവേചന ബുദ്ധിയോടെ ചിന്തിക്കുമ്പോൾ, അല്ലെങ്കിൽ വ്യക്തമായ തെളിവുകളും ദൃഷ്ടാന്തങ്ങളും മുന്നിൽ വരുമ്പോൾ അവൻ അതംഗീകരിക്കാൻ തയാറാകുന്നു. അതാണ് മാനുഷിക പ്രകൃതി. ആദ്യം തള്ളിക്കളഞ്ഞ സത്യം പിന്നീടൊരിക്കലും സ്വീകരിക്കുകയില്ലെന്ന് ശഠിച്ചുകൊണ്ട് അസത്യത്തിൽ ഉറച്ചുനിൽക്കുന്നവരുടെ അവസ്ഥ മൃഗങ്ങളുടേതിനെക്കാൾ ശോചനീയമാണ്. ഫറവോനികളുടെ സത്യനിഷേധം അങ്ങനെയുള്ളതായിരുന്നു. ഫറവോൻ മൂസാ(അ)യെ നിഷേധിച്ചപ്പോൾ അല്ലാഹു ഒന്നിനു പിറകെ ഒന്നായി ഒൻപതു ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുത്തു. പക്ഷേ, ഫറവോനികൾ വിശ്വസിക്കാൻ കൂട്ടാക്കിയില്ല. ഓരോ വട്ടവും ദൃഷ്ടാന്തം കാണുമ്പോൾ ഭയപ്പെട്ട് വിശ്വസിച്ചുകൊള്ളാമെന്ന് പ്രതിജ്ഞ ചെയ്യുകയും ദൃഷ്ടാന്തം മായുന്നതോടെ നിഷേധത്തിലേക്കു മടങ്ങുകയുമായിരുന്നു. അങ്ങനെ അവർ തങ്ങൾ ഏറ്റം നികൃഷ്ടമായ വർഗമാണെന്ന് സ്വയം സ്ഥാപിക്കുകയും ഒടുവിൽ സമ്പൂർണ നാശത്തിൽ പതിക്കുകയും ചെയ്തു.

**56,57:** ഫറവോനികളെപ്പോലെയുള്ള ദുഷ്ടന്മാരായ വ്യക്തികളും സമുദായങ്ങളും എന്നും ഉണ്ടാകും. മുഹമ്മദ് നബി(സ)യുടെ കാലത്തും ഉണ്ടായിരുന്നു. ചിലർ വേദക്കാരായിരുന്നു. ചിലർ മുശ്രിക്കുകളും. ഗത്യന്തരമില്ലാത്ത ഘട്ടങ്ങളിൽ അവർ മുസ്‌ലിം സമൂഹവുമായി സന്ധിയിലേർപ്പെടും. സന്ദർഭം കിട്ടുമ്പോഴൊക്കെ സന്ധി ലംഘിച്ച് അക്രമങ്ങളിലും അധർമങ്ങളിലും ഏർപ്പെടുകയും ചെയ്യും.

മദീനയിലും പരിസരത്തുമുണ്ടായിരുന്ന യഹൂദർ, പ്രവാചകൻ മദീനയിലെത്തിയ ഉടനെത്തന്നെ അദ്ദേഹവുമായി കരാറിലേർപ്പെട്ടിരുന്നു. പക്ഷേ, പ്രവാചകനും മുസ്‌ലിംകൾക്കും ആപത്തുണ്ടാക്കാൻ കിട്ടുന്ന ഒരവസരവും അവർ പാഴാക്കിയിരുന്നില്ല. മദീനയിലെ കപടവിശ്വാസികളെ യഹൂദർ നിർലോഭം സഹായിച്ചുകൊണ്ടിരുന്നു. ഔസ്-ഖസ്റജ് ഗോത്രങ്ങൾക്കിടയിൽ കത്തിക്കാളിക്കൊണ്ടിരുന്ന ഗോത്രവൈരത്തിന്റെ തീ നബി(സ) നിശ്ശേഷം അണച്ചുകളഞ്ഞതാണ്. വീണ്ടും അത് ആളിക്കത്തിക്കാൻ യഹൂദർ ശ്രമിച്ചുകൊണ്ടിരുന്നു. അറേബ്യൻ ഗോത്രങ്ങളെ പ്രവാചകനെതിരിൽ ഇളക്കിവിടാനും അവർ ആവതു പ്രയത്നിക്കുന്നുണ്ടായിരുന്നു. ബദ്ർ യുദ്ധവേളയിൽ അവർ ഖുറൈശികളെ ആയുധംനൽകി സഹായിച്ചു. ഖന്ദഖ് യുദ്ധവേളയിൽ മുസ്‌ലിംകളെ പിന്നിലൂടെ ആക്രമിക്കുന്നതിന് സഖ്യസേനക്ക് തങ്ങളുടെ പ്രദേശത്തിലൂടെ വഴിയൊരുക്കാൻ തുനിഞ്ഞു. ഓരോതവണയും സംഭവം പുറത്താകുമ്പോൾ, തങ്ങൾക്കു തെറ്റുപറ്റി അല്ലെങ്കിൽ മറന്നുപോയി എന്ന് ക്ഷമാപണം ചെയ്തുകൊണ്ട് അവർ കരാർ പുതുക്കുകയായിരുന്നു.

ഇത്തരക്കാരുടെ യഥാർഥ രോഗം, തങ്ങൾ നിഷേധിച്ചു കഴിഞ്ഞ യാഥാർഥ്യങ്ങളെ ഒരു കാരണവശാലും അംഗീകരിക്കുകയില്ല എന്നനിലപാടാണ്. ഇതേ നിലപാടാണ് ഫറവോനികളും കൈക്കൊണ്ടത്. തങ്ങൾക്ക് അപായകരമായ ഓരോ ദൃഷ്ടാന്തം വരുമ്പോഴും മൂസാ(അ)യെ വിശ്വസിക്കാമെന്ന് വാഗ്ദാനം ചെയ്തു. അപായം നീങ്ങിയാൽ വാക്കുമാറുകയായി. അതേപോലെ, തങ്ങൾക്കു ഗുണകരമായിരിക്കുന്നേടത്തോളം ഇക്കൂട്ടർ കരാർ പാലിക്കുന്നു. ലംഘിക്കുന്നതാണ് ഗുണകരം എന്നു തോന്നുമ്പോൾ നിസ്സങ്കോചം ലംഘിക്കുകയും ചെയ്യുന്നു. ഇത്തരക്കാരെ യുദ്ധത്തിൽ ശത്രുക്കളോടൊപ്പം കണ്ടുമുട്ടിയാൽ നിർദാക്ഷിണ്യം ശിക്ഷിച്ചുകൊള്ളാൻ മുസ്‌ലിംകൾക്ക് അനുവാദം നൽകിയിരിക്കുകയാണിവിടെ. അവരുമായി നമുക്ക് സമാധാന സന്ധിയുണ്ടല്ലോ എന്ന യാതൊരു പരിഗണനയും അപ്പോഴുണ്ടാവേണ്ടതില്ല. അവർക്കേൽക്കുന്ന ശിക്ഷ, അവരെപ്പോലെ സന്ധിലംഘിക്കാനും ശത്രുക്കളെ പ്രോത്സാഹിപ്പിക്കാനും ശ്രമിക്കുന്ന മറ്റുള്ളവർക്ക് നല്ല പാഠമായിരിക്കണം. സന്ധികൊണ്ട് മുസ്‌ലിംകളുടെ കൈ കെട്ടിയിട്ട് സ്വന്തം കൈകൊണ്ട് യഥേഷ്ടം അവരെ അക്രമിക്കാമെന്ന് ആരും വ്യാമോഹിക്കരുത്.

സന്ധി ചെയ്തിട്ട് ശത്രുക്കളോടൊപ്പം യുദ്ധത്തിനുവരിക എന്നത് പ്രത്യക്ഷമായ സന്ധിലംഘനമാണ്. അവരോടു സ്വീകരിക്കേണ്ട നടപടിയാണ് ഇവിടെ പ്രസ്താവിച്ചത്. നേരിട്ട് യുദ്ധത്തിന് വന്നില്ലെങ്കിലും ശത്രുക്കൾക്ക് മുസ്‌ലിംകളെ ആക്രമിക്കാൻ സഹായം നൽകുന്നതും നഗ്നമായ സന്ധിലംഘനമായി കണക്കാക്കപ്പെടും. അഹ്സാബ് യുദ്ധവേളയിൽ മദീനയെ ആക്രമിക്കാനെത്തിയ സഖ്യസൈന്യത്തിന് സ്വന്തം പ്രദേശത്തിലൂടെ മദീനയിലേക്ക് പ്രവേശിക്കാൻ അനുവാദം നൽകിയതിന്റെ പേരിലാണ് പ്രവാചകനുമായി സമാധാനക്കരാറുണ്ടായിരുന്ന ഖുറൈള എന്ന യഹൂദഗോത്രത്തിനെതിരെ മുസ്‌ലിംകൾ സൈനികനടപടി സ്വീകരിച്ചത്. കരാറിലെ ഏതെങ്കിലും ഒരു വ്യവസ്ഥയുടെ ലംഘനവും പൊതുവായ സന്ധി ലംഘനമായി ഗണിക്കപ്പെടും. പ്രവാചകനും ഖുറൈശികളും തമ്മിലുണ്ടാക്കിയ ഹുദൈബിയ സന്ധിയിലെ വ്യവസ്ഥകളിലൊന്നായിരുന്നു ഇരു കക്ഷികളുമായി സഖ്യബന്ധമുള്ള വിഭാഗങ്ങളെ ഇരു കക്ഷികളും പരസ്പരം ആക്രമിക്കാൻ പാടില്ല എന്നത്. ഇതനുസരിച്ച് നബി(സ)യുമായി സമാധാനക്കരാറിലേർപ്പെട്ടിരുന്ന ഖുസാഅ ഗോത്രത്തെ ഖുറൈശികൾ അക്രമിക്കാൻ പാടുണ്ടായിരുന്നില്ല. പക്ഷേ, ഖുസാഅ ഗോത്രവും ബകർ ഗോത്രവും തമ്മിൽ സംഘട്ടനമുണ്ടായപ്പോൾ ഖുറൈശികൾ ബകർ ഗോത്രത്തിന്റെ പക്ഷംചേർന്ന് ഖുസാഅയെ അക്രമിച്ചു. ഖുസാഅഃ ഗോത്രത്തിന്റെ തലവൻ, അംറുബ്നു സാലിം എന്ന ദൂതനെവിട്ട് പ്രവാചകനെ വിവരമറിയിക്കുകയും സഹായം തേടുകയും ചെയ്തു. തിരുമേനി ഉടനെ താനും ഖുറൈശികളും തമ്മിലുള്ള സന്ധികൾ ദുർബലപ്പെട്ടതായി മക്കയെ അറിയിച്ചു. തുടർന്ന് ഖുറൈശി തലവൻ അബൂസുഫ്‌യാൻ മദീനയിലെത്തി. തങ്ങൾക്ക് തെറ്റുപറ്റിയതാണെന്നും കരാർ പുതുക്കണമെന്നും അദ്ദേഹം നബി(സ)യോട് അഭ്യർഥിച്ചു. ഖുറൈശികൾ അവരുടെ താല്പര്യ

ത്തിനനുഗുണമാകുമ്പോൾ മാത്രമേ കരാർ മാനിക്കൂ എന്നു മനസ്സിലാക്കിയ പ്രവാചകൻ അബൂസുഫ്‌യാന്റെ അഭ്യർഥന നിരസിക്കുകയായിരുന്നു.

إِمَّا تَثْقَفَنَّهُمْ എന്ന വാക്കിന് നീ അവരെ കണ്ടുമുട്ടിയാൽ, ഏറ്റുമുട്ടിയാൽ, പിടികിട്ടിയാൽ എന്നെല്ലാം അർഥമുണ്ട്. എല്ലാ അർഥവും ഇവിടെ സാധുവാകുന്നു. ഈ ആശയത്തിന് إن تَثْقَفَنَّهُمْ എന്ന് മതിയാകുന്നതാണ്. ഉപാധിയെ ബലപ്പെടുത്തുന്നതിനും അതിന്റെ പൂരകത്തെ സ്ഥിരപ്പെടുത്തുന്നതിനും ഇടക്ക് ما ചേർത്ത് ഉച്ചാരണ സൗകര്യാർഥം നൂൻ (ن) നിരുക്തമാക്കിയതാണ് إِمَّا تَثْقَفَنَّهُمْ. അതായത് യുദ്ധത്തിൽ കണ്ടുമുട്ടിയാൽ മാത്രമേ സന്ധിയിലുള്ളവരെ അക്രമിക്കാവൂ; യുദ്ധത്തിൽ കണ്ടുമുട്ടുന്നത് എപ്പോഴായാലും ശിക്ഷിക്കുക തന്നെവേണം. فِى كُلِّ مَرَّةٍ എന്നതിന്റെ ഭാഷാർഥം, എല്ലാ ഓരോ പ്രാവശ്യവും എന്നാണ്. കരാർപാലനം പ്രസക്തമാകുന്ന, ഏതവസരത്തിലും എന്നാണ് ഇവിടെ ഉദ്ദേശ്യം. فَشَرِّدْ بِهِم مَّنْ خَلْفَهُمْ എന്നതിന്റെ ഭാഷാർഥം അവരെക്കൊണ്ട് അവരുടെ പിന്നിലുള്ളവരെ വിരട്ടിയോടിക്കുക എന്നാണ്. അതായത് അവരെ അയച്ചവരെയും അവരെപ്പോലെ പെരുമാറാൻ വിചാരിക്കുന്ന മറ്റുള്ളവരെയും ആ നിലപാടിൽനിന്ന് പിന്തിരിപ്പിക്കാൻ പര്യാപ്തമായ വിധത്തിൽ അവരെ നിർദാക്ഷിണ്യം ശിക്ഷിക്കുക. ■